ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.11.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയുടെ പ്രതിരോധശേഷി ലോക ശ്രദ്ധയാകർഷിക്കുന്നതായി രാഷ്ട്രപതി ദ്രൗപതി മുർമു

   **President Draupadi Murmu has said that India's defence capability has caught the attention of the World**

2. ശീതകാല സമ്മേളനത്തിന്റെ മൂന്നാം ദിനവും പാർലമെന്റ് പ്രക്ഷുബ്ധം; ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു

   **Both houses of parliament adjourned for the day following ruckus by opposition over various issues**

3. ഝാർഖണ്ഡ് മുഖ്യമന്ത്രിയായി ഹേമന്ദ് സോറെൻ സത്യപ്രതിജ്ഞ ചെയ്തു.

   **Hemant Soren sworn in as Jharkhand CM.**

4. കേരളത്തിലെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിൽ കഴിഞ്ഞ എട്ട് വർഷങ്ങളിൽ വലിയ മാറ്റമുണ്ടായതായി മുഖ്യമന്ത്രി പിണറായി വിജയൻ

Kerala's startup ecosystem has changed a lot in the last eight years, says Chief Minister Pinarayi Vijayan

5. ഗോവ രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് സമാപനം

Goa International Film Festival concludes today

6. ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, എഫ് സി ഗോവ പോരാട്ടം

Kerala Blasters meets FC Goa in ISL football today

&&&&&&&&&&&&&&&&&&

**PRESIDENT – NILGIRIS**

ഇന്ത്യയുടെ പ്രതിരോധശേഷി ലോക ശ്രദ്ധയാകർഷിക്കുന്നതായി രാഷ്ട്രപതി ദ്രൗപതി മുർമു. ഊട്ടിയിലെ വെല്ലിംഗ്ടൺ പ്രതിരോധ സേനാ സ്റ്റാഫ് ട്രെയിനിംഗ് കോളേജിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു രാഷ്ട്രപതി. ഇന്ത്യൻ പ്രതിരോധ സേനയിൽ എല്ലാ മേഖലകളിലും ശക്തമായ വനിതാ സാന്നിധ്യം ഉണ്ടെന്നതിൽ അഭിമാനമുണ്ടെന്ന് അവർ പറഞ്ഞു. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ യുദ്ധഭൂമിയായ സിയാച്ചിനിലും വനിതാ സൈനികർ സേവനം ചെയ്യുന്നുവെന്ന് പറഞ്ഞ രാഷ്ട്രപതി രാജ്യം ആദ്യം എന്ന ലക്ഷ്യത്തിൽ ഊന്നിയുള്ള അഭിമാനകരമായ കടമയാണ് പ്രതിരോധ ഉദ്യോഗസ്ഥർ നിർവഹിക്കുന്നതെന്നും ചൂണ്ടിക്കാട്ടി.

*(ഹോൾഡ് വോയിസ്)*

ഇന്ത്യൻ പ്രതിരോധ ഉൽപന്നങ്ങളുടെ ഗുണനിലവാരം ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടതായും നൂറിലധികം രാജ്യങ്ങൾക്കുള്ള പ്രതിരോധ ഉപകരണങ്ങളുടെ കയറ്റുമതി രാജ്യം എന്ന നിലയിൽ ലോകം ഇത് അംഗീകരിച്ചിട്ടുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു. പരിപാടിക്ക് മുന്നോടിയായി പ്രതിരോധ സേനാ സ്റ്റാഫ് കോളേജിലെ സ്മാരകത്തിൽ രാഷ്ട്രപതി പുഷ്പാർച്ചന നടത്തി. കോളേജിലെ ട്രെയിനികളുമായും ശ്രീമതി. മുർമു ആശയവിനിമയം നടത്തി.

&&&&&&&&&&&&&&&&&&

**PARLIAMENT ADJ**

ശീതകാല സമ്മേളനത്തിന്റെ മൂന്നാം ദിനവും പാർലമെന്റ് പ്രക്ഷുബ്ധമായി. പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ഒരു പ്രമുഖ വ്യവസായ ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണം സംഭാൽ സംഭവം, എന്നിവ ഉയർത്തിയാണ് പ്രതിപക്ഷ പാർട്ടികൾ ഇരു സഭകളിലും പ്രതിഷേധം ഉയർത്തിയത്. മുദ്രാവാക്യമുയർത്തി ലോക്സഭയുടെ നടുത്തളത്തിലിറങ്ങി പ്രതിഷേധിച്ച കോൺഗ്രസ്, സമാജ് വാദി പാർട്ടി, ഡി.എം.കെ എംപിമാരോട്, സ്പീക്കർ ഓം ബിർള സീറ്റുകളിലേക്ക് മടങ്ങാൻ ആവശ്യപ്പെട്ടെങ്കിലും അംഗങ്ങൾ വഴങ്ങിയില്ല. കീഴ്‌വഴക്കങ്ങൾ പാലിച്ചുമാത്രമേ ഇത്തരം പ്രമേയങ്ങൾ ചർച്ചയ്ക്ക് എടുക്കാനാകൂയെന്ന് സ്പീക്കർ ഓം ബിർല വ്യക്തമാക്കി.

രാജ്യസഭയിലും സമാനമായ സംഭവങ്ങളാണ് അരങ്ങേറിയത്. കൈക്കൂലി ആരോപണത്തെക്കുറിച്ച് ചർച്ച ചെയ്യണമെന്ന് കോൺഗ്രസ് എംപി പ്രമോദ് തിവാരി ആവശ്യപ്പെട്ടെങ്കിലും രാജ്യസഭാ അധ്യക്ഷൻ ജഗ്ദീപ് ധൻകർ ഇതിന് വഴങ്ങിയില്ല. പ്രതിപക്ഷം പ്രതിഷേധവുമായി രംഗത്തു വന്നതിനെ തുടർന്ന് പിരിഞ്ഞ സഭ, 12 മണിക്ക് വീണ്ടും ചേർന്നെങ്കിലും പ്രതിപക്ഷ ബഹളം തുടരുകയായിരുന്നു. സഭ സജീവമായ ചർച്ചകൾക്കുള്ള വേദിയാണെന്നും നടപടികൾ തടസപ്പെടുത്തരുതെന്നും സഭാ അധ്യക്ഷൻ അഭ്യർഥിച്ചെങ്കിലും പ്രതിപക്ഷം പ്രതിഷേധം തുടർന്നു. ഇതേത്തുടർന്ന് ജഗ്ദീപ് ധൻകർ സഭ നിർത്തിവെക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&

**PRIYANKA GANDHI OATH**

വയനാട് എം. പി.യായി പ്രിയങ്ക ഗാന്ധി സത്യപ്രതിജ്ഞ ചെയ്തു. ഭരണഘടന ഉയർത്തിപ്പിടിച്ചായിരുന്നു സത്യപ്രതിജ്ഞ. മഹാരാഷ്ട്രയിലെ നന്ദേഡ് നിന്നും തിരഞ്ഞെടുക്കപ്പെട്ട ചവാൻ രവീന്ദ്ര വസന്ത് റാവുവും ഇന്ന് സത്യപ്രതിജ്ഞ ചെയ്തു.

&&&&&&&&&&&&&&&&&&

**RS- JAISHNKAR UNSC**

യുഎൻ സുരക്ഷാ കൗൺസിലിൻ്റെ വിപുലീകരണത്തിനും അതിൽ സ്ഥിരാംഗത്വം നേടുന്നതിന് അംഗരാജ്യങ്ങളുടെ പിന്തുണനേടാനും ഇന്ത്യ ശ്രമിക്കുകയാണെന്ന് രാജ്യസഭയിൽ വിദേശകാര്യ മന്ത്രിഎസ് ജയശങ്കർ പറഞ്ഞു. സുരക്ഷാ കൗൺസിൽ പരിഷ്കാരങ്ങൾ

സംബന്ധിച്ച് ഉഭയകക്ഷി- ബഹുരാഷ്ട്ര തലത്തിൽ നടന്നുകൊണ്ടിരിക്കുന്ന ചർച്ചകളിൽ ഇന്ത്യ സജീവമായി ഇടപെടുന്നതായും അദ്ദേഹം പറഞ്ഞു. വികസ്വര രാജ്യങ്ങളുടെ ഗ്രൂപ്പായ ജി-4 ലെ അംഗത്വത്തിലൂടെയും ഗ്ലോബൽ സൗത്ത് രാജ്യങ്ങളുമായുള്ള ബന്ധത്തിലൂടെയും ഈ ശ്രമം തുടരുകയാണെന്നും ശ്രീ ജയശങ്കർ പറഞ്ഞു.

&&&&&&&&&&&&&&&&&&

**RS- INDIA CANADA**

ഇന്ത്യയും കാനഡയും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിൽ ഉണ്ടായ പ്രശ്നങ്ങളെ സംബന്ധിച്ച് ഇരുരാജ്യങ്ങളും ചർച്ച ചെയ്യുകയാണെന്നും, ഇരു രാജ്യങ്ങളുടെയും ആശങ്കകൾക്ക് പരിഹാരം കാണുമെന്നും വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് രാജ്യസഭയെ രേഖാമൂലം അറിയിച്ചു. കാനഡയിൽ പ്രവർത്തിക്കുന്ന ഇന്ത്യാ വിരുദ്ധ സംഘടനകൾക്കെതിരെ കാര്യക്ഷമമായ നടപടിയെടുക്കാൻ കനേഡിയൻ സർക്കാരിനോട് ഇന്ത്യ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. പരസ്പര വിശ്വാസത്തിനും ബഹുമാനത്തിനും ഊന്നൽ നൽകി അന്താരാഷ്ട്ര ബന്ധങ്ങൾ നിലനിർത്തുന്നതാണ് ഇന്ത്യയുടെ സമീപനമെന്നും ശ്രീ സിങ് പറഞ്ഞു.

&&&&&&&&&&&&&&&&&&

**JHARKHAND CM - SWEARING-IN**

ജാർഖണ്ഡ് മുഖ്യമന്ത്രിയായി ഹേമന്ത് സോറൻ സത്യപ്രതിജ്ഞ ചെയ്തു. ഇന്ന് ഉച്ചയ്ക്ക് റാഞ്ചിയിൽ നടന്ന

ചടങ്ങിൽ ഗവർണർ സന്തോഷ് കുമാർ ഗാംഗ്വാർ സോറന് സത്യവാചകം ചൊല്ലിക്കൊടുത്തു. ജാർഖണ്ഡ് മുക്തി മോർച്ചയുടെ മുതിർന്ന നേതാവായ ഹേമന്ത് സോറൻ ഇത് നാലാം തവണയാണ് ജാർഖണ്ഡ് മുഖ്യമന്ത്രിയാകുന്നത്. കോൺഗ്രസ് അധ്യക്ഷൻ മാലികാർജുൻ ഖാഡ്ഗെ, ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, തുടങ്ങിയ പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു. 81 അംഗ നിയമസഭയിൽ ഐ എൻ ഡി ഐ സഖ്യത്തിന് 56 സീറ്റുകൾ ലഭിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## CM -KERALA

കേരളത്തിലെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിൽ കഴിഞ്ഞ എട്ട് വർഷങ്ങളിൽ വലിയ മാറ്റമുണ്ടായതായി മുഖ്യമന്ത്രി പറഞ്ഞു. കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിക്കുന്ന ഹഡിൽ ഗ്ലോബൽ ആറാം പതിപ്പിന്റെ ഉദ്ഘാടനം തിരുവന്തപുരം കോവളത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. 2024ൽ കേരളത്തിൽ 6100 സ്റ്റാർട്ടപ്പുകളാണ് ഉള്ളതെന്നും 62,000ത്തിലേറെ പേർക്ക് തൊഴിൽ നൽകാൻ ഇതിലൂടെ സാധിക്കുന്നതായും മുഖ്യമന്ത്രി വ്യക്തമാക്കി. കേരളത്തിന്റെ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയുടെ മുന്നേറ്റവും നിക്ഷേപ സാധ്യതകളും മൂന്ന് ദിവസത്തെ സമ്മേളനത്തിൽ ചർച്ചയാകും.

&&&&&&&&&&&&&&&&&&

## PM- CULTURE

ഇന്ത്യൻ ചരിത്രത്തോടും സംസ്കാരത്തോടും വിദേശികൾ കാണിക്കുന്ന താല്പര്യത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സന്തോഷം പ്രകടിപ്പിച്ചു. ഇന്ത്യൻ സംസ്കാരം ആഗോളതലത്തിൽ സ്വാധീനം ചെലുത്തുന്നുണ്ടെന്ന് വിദേശ സന്ദർശനങ്ങളിലെ കാഴ്ചകൾ പങ്കുവെച്ചുകൊണ്ട് സമൂഹമാധ്യമത്തിൽ പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## RS- E SHRAM PORTAL

അസംഘടിത മേഖലയിലെ 30 കോടി 40 ലക്ഷത്തോളം തൊഴിലാളികൾ ഇ-ശ്രം പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് കേന്ദ്ര തൊഴിൽ മന്ത്രി മൻസുഖ് മാണ്ഡവ്യ രാജ്യസഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ പറഞ്ഞു. ഇത് രാജ്യത്തെ അസംഘടിത തൊഴിലാളികളെ പിന്തുണയ്ക്കുന്നതിനുള്ള സർക്കാരിൻ്റെ പ്രതിബദ്ധതയെ സൂചിപ്പിക്കുന്നതായി അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## LS - PM SVANidhi

വഴിയോര കച്ചവടക്കാരുടെ ഉന്നമനത്തിനായി കേന്ദ്ര സർക്കാർ ആരംഭിച്ച പിഎം സ്വനിധി പദ്ധതിയിലൂടെ 67 ലക്ഷത്തിലധികം ജനങ്ങൾക്ക് പ്രയോജനം ലഭിച്ചതായി കേന്ദ്ര സർക്കാർ. ലോക്സഭയിൽ നൽകിയ മറുപടിയിലാണ് കേന്ദ്ര സഹമന്ത്രി തോഖൻ സാഹു ഇക്കാര്യം അറിയിച്ചത്. നഗരങ്ങളിലെ വഴിയോര കച്ചവടക്കാർക്ക് 50,000 രൂപ വരെ ഈടില്ലാതെ പ്രവർത്തന മൂലധന വായ്പ പദ്ധതിയുടെ

ഭാഗമായി ഇതുവരെ 13,000 കോടി രൂപയുടെ 93 ലക്ഷം വായ്പകൾ വിതരണം ചെയ്തിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**IFFI**

55-ാമത് ഗോവ രാജ്യന്തര ചലച്ചിത്രമേളയ്ക്ക് ഇന്ന് സമാപനം. വർണാഭമായ സമാപനച്ചടങ്ങുകൾ ശ്യാമപ്രസാദ് മുഖർജി ഇൻഡോർ സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. മികച്ച ചിത്രത്തിനുള്ള സുവർണ മയൂരം ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ ചടങ്ങിൽ വിതരണം ചെയ്യും. ഈ മാസം 20 ന് ആരംഭിച്ച മേളയിൽ വിവിധ രാജ്യങ്ങളിൽ നിന്നായി 180-ഓളം ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്.

&&&&&&&&&&&&&&&&&&

**I S L**

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, എഫ് സി ഗോവയെ നേരിടും. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

**SYED MODI TOURNAMENT**

ലഖ്നൗവിൽ നടക്കുന്ന സയ്യിദ് മോദി ഇന്ത്യ ഇൻ്റർനാഷണൽ സൂപ്പർ 300 ബാഡ്മിൻ്റൺ ടൂർണമെൻ്റിൻ്റെ വനിതാ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ പിവി സിന്ധു വിജയിച്ചു. ഇറ ശർമ്മയെ ടൈ ബ്രേക്കറിൽ 21-10, 12-21, 21-15 എന്ന സ്കോറിനാണ് സിന്ധുപരാജയപ്പെടുത്തിയത്. പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ, മീരാബ ലുവാങ് മൈസ്നം,

ആയുഷ് ഷെട്ടി എന്നിവർ അവസാന എട്ടിൽ പ്രവേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**ROHIT– INDIA AUSTRALIA**

ഇന്ത്യൻ ക്രിക്കറ്റ് ടീമിന് ഓസ്ട്രേലിയൻ പാർലമെൻ്റിൽ ഔപചാരിക സ്വീകരണം നൽകി. ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആൻ്റണി അൽബാനീസിന്റെ നേതൃത്വത്തിൽ കാൻബറയിലെ ഫെഡറൽ പാർലമെൻ്റ് ഹൗസിലാണ് ചടങ്ങ് നടന്നത്.

&&&&&&&&&&&&&&&&&&

**GOYAL – CII**

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നത് ലക്ഷ്യമിട്ട് , കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി, രൂപം നൽകിയ പോർട്ടൽ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ ഉദ്ഘാടനം ചെയ്തു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ആൻഡ് റെഗുലേറ്ററി അഫയേഴ്സ് പോർട്ടൽ എന്ന പേരിലുള്ള സംവിധാനത്തിലൂടെ ഉപയോക്താക്കൾക്ക് തത്സമയം അവരുടെ അപേക്ഷകളുടെ പുരോഗതി ട്രാക്ക് ചെയ്യാൻ കഴിയുമെന്ന് ശ്രീ ഗോയൽ പറഞ്ഞു.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&